**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 930** **18-09-2025 - ൽ മറുപടിയ്ക്ക്**

**അച്ചൻകോവിൽ കുടുംബാരോഗ്യ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടിക ജാതി, പട്ടിക വർഗക്കാരായ ആളുകൾ തിങ്ങി പാർക്കുന്നതും പൂർണമായും വനത്തിനുള്ളിൽ ഉൾപ്പെട്ടതുമായ അച്ചൻകോവിൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഉച്ചയ്ക്കുശേഷം ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിന് പട്ടികജാതി പട്ടികവർഗ ക്ഷേമ വകുപ്പ് ആരോഗ്യവകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) | **പട്ടികവർഗ്ഗക്കാരായ ആളുകൾ തിങ്ങിപ്പാർക്കുന്നതും പൂർണ്ണമായും വനത്തിനുള്ളിൽ ഉൾപ്പെട്ടതുമായ അച്ചൻകോവിൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിൽ ഉച്ചവരെ മാത്രമാണ് ഡോക്ടറുടെ സേവനം ലഭ്യമായിട്ടുള്ളത്. നിലവിലുള്ള PHC യെ CHC ആയി ഉയർത്തിയാൽ ഉച്ചക്ക് ശേഷവും ഡോക്ടറുടെ സേവനം ലഭ്യമാക്കാവുന്നതാണ്.<br><br>അച്ചൻകോവിലിൽ പ്രവർത്തിച്ചുവരുന്ന PHC പൂർണ്ണമായും ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചുവരുന്നത്.** |
| (ബി) | പ്രസ്തുത വിഷയത്തിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ? | (ബി) | **പട്ടികവർഗ്ഗക്കാരായ ആളുകൾ തിങ്ങിപ്പാർക്കുന്നതും പൂർണ്ണമായും വനത്തിനുള്ളിൽ ഉൾപ്പെട്ടതുമായ അച്ചൻകോവിൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിൽ ഉച്ചവരെ മാത്രമാണ് ഡോക്ടറുടെ സേവനം ലഭ്യമായിട്ടുള്ളത്. നിലവിലുള്ള PHC യെ CHC ആയി ഉയർത്തിയാൽ ഉച്ചക്ക് ശേഷവും ഡോക്ടറുടെ സേവനം ലഭ്യമാക്കാവുന്നതാണ്.<br><br>അച്ചൻകോവിലിൽ പ്രവർത്തിച്ചുവരുന്ന PHC പൂർണ്ണമായും ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചുവരുന്നത്.** |

സെക്ഷൻ ഓഫീസർ